# 'കർമ്മനിരതമായകവിത' അഥവാ ബ്ലോഗിലെ യാത്രയെഴുത്തുകൾ

ഡോ.ആർ.ചന്ദ്രബോസ്

മനുഷ്യാനുഭവത്തിന്റെ അത്ഭുതാത്മകഘടകങ്ങളിലൊന്നാണ് യാത്ര. പുതിയ കാഴ്ചകൾ പുതിയ രുചികൾ സംസ്കാരങ്ങൾ ഒക്കെ അറിയുന്നതിനും ഭൂമുഖത്തെ വൈവിധ്യങ്ങളിലേക്കും വൈചിത്ര്യങ്ങളിലേക്കും മിഴിതുറക്കുന്നതിനും സഹായിക്കുന്ന യാത്രകൾ ഏതു മനുഷ്യനെയും ശുദ്ധീകരിക്കും. സാഹിത്യത്തിലെ മുന്തിയ വിഭാഗം സഞ്ചാരസാഹിത്യം തന്നെ. കാരണം സാഹിത്യത്തിന്റെ അസംസ്കൃതവിഭവം എക്കാലത്തും യാത്രാനുഭവങ്ങൾ തന്നെയായിരുന്നു. യാത്രകളിലൂടെ നേടുന്ന അനുഭവങ്ങൾ കഥയും കഥാപാത്രവും അന്തരീക്ഷവുമായി ഏതു സാഹിത്യകലാസൃഷ്ടികളിലും വിലയിച്ചു കിടക്കുന്നുണ്ട്. അതിസാങ്കേതികയുഗം തുറന്നിട്ട സൗകര്യങ്ങൾ യാത്രയെഴുത്തിന് പുതിയ പ്രതലങ്ങളും അഭൂതപൂർവമായ പ്രത്യേകതകളും പ്രദാനം ചെയ്തിട്ടുണ്ട്. നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന യാത്രയെഴുത്തിന്റെ പ്രത്യേകതകളെക്കുറിച്ചാണ് ഇവിടെ അന്വേഷിക്കുന്നത്. യാത്രക്കുറിപ്പുകളും ചിത്രങ്ങളും ആർക്കും ലോകത്തെവിടെ നിന്നും പങ്കുവയ്ക്കാവുന്ന പൊതുസൈബർ പ്ലാറ്റ്ഫോമുകൾ എഴുത്തിൽ പുതിയൊരു ജനാധിപത്യത്തെ അടയാളപ്പെടുത്തി. അതിൽ ഏറ്റവും ഗുണകരമായിത്തീർന്നത് യാത്ര എഴുത്ത് എന്ന ജനുസ്സിനാണ്. നവമാധ്യമങ്ങളിലെ ജനപ്രിയജനുസ്സുകളിലൊന്നായി യാത്രയെഴുത്ത് മാറിക്കഴിഞ്ഞു. പരശ്ശതം യാത്രാബ്ലോഗുകൾ ഇതിനു തെളിവാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ സഞ്ചാരസാഹിത്യം കൈവരിച്ച കലാപരവും മാധ്യമപരവുമായ പുതുമ അവയിൽ കാണാം.

## വിസ്മയക്കാഴ്ചകളുടെ സൈബർ ജാലകങ്ങൾ

പരമ്പരാഗത സഞ്ചാരസാഹിത്യകൃതികളിൽ നിന്നും നാം പരിചയിച്ചതിനേക്കാൾ സമഗ്രവും ആധികാരികവും അനുഭവതീക്ഷ്ണവു

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ

23. യാത്രാനുഭവം - ഹിമാലയസാമ്രാജ്യത്തിൽ 257
രേഖ എസ്.

24. കർമ്മനിരതമായ കവിത 275
അഥവാ ബ്ലോഗിലെ യാത്രയെഴുത്തുകൾ
ഡോ.ആർ.ചന്ദ്രബോസ്

25. സ്ത്രീ യാത്രകളിലെ ജനപ്രിയസംസ്കാര വായനകൾ 285
ശാലിനി രാമചന്ദ്രൻ

26. സൈബർ യാത്രാവിവരണങ്ങൾ മലയാളത്തിൽ 298
ഷാലിമ ലിസ്സി ഷാജൻ

27. പലമയുടെ കടൽത്തുരുത്തുകൾ 303
ഒരു മാലിദ്വീപിയൻ സംസ്കാരികാന്വേഷണം
മെൽബി ജേക്കബ്

28. വിവർത്തന യാത്രാവിവരണങ്ങൾ മലയാളത്തിൽ 309
എലിസബത്ത് ജോസഫ്

29. രാജൻ കാക്കനാടന്റെ യാത്രാവിവരണങ്ങൾ - 315
ഒരു പഠനം
ശരജ ആർ.